പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

14.03.2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3320

## മങ്കട സി.എച്ച്.സി. യുടെ കെട്ടിട നിർമാണം

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കെട്ടിട നിർമ്മാണം നടക്കുന്ന മങ്കട സി.എച്ച്.സി - യുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (എ) , (ബി) & (സി) | 10.08.2016 ലെ സ.ഉ. (സാധാ.) നം.2217/2016/ആ.കു.വ പ്രകാരം 2015-2016 സാമ്പത്തിക വർഷത്തിലെ ശ്രീ.റ്റി.എ.അഹമ്മദ് കബീർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മങ്കട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കെട്ടിട നിർമ്മാണത്തിന് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ടെക്നിക്കൽ അനുമതിക്കായി Plan, Estimate എന്നിവ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭിച്ചശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കെട്ടിട നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്; | | |
| (സി) | കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് സൗകര്യങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ